

# വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ പിതാവിനോടുള്ള മാദ്ധ്യസ്ഥ പ്രാർത്ഥന

കാർമ്മി: + പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂ: ആമ്മേൻ.

**ഗാനം**

കർമ്മല ചൈതന്യത്തിൻ
നിർമ്മല ദർപ്പണമെ
കുര്യാക്കോസ് ധന്യാത്മാവെ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

ജീവിത വീഥികളിൽ
പാപമകറ്റിടുവാൻ
ആത്മാവിലാനന്ദവും
രക്ഷയും നേടിടുവാൻ.

കാർമ്മി: കുടുംബങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായ (**സമൂഹവും ചേർന്ന്**) / വിശുദ്ധ ചാവറപ്പിതാവേ / തിരുക്കുടുംബത്തിന്റെ അതീവ ഭക്തനായി ജീവിച്ചതിനാൽ / കുടുംബജീവിതത്തിന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങ് നിയോഗിക്കപ്പെട്ടുവല്ലോ. പലവിധ ക്ലേശങ്ങളാൽ വലയുന്ന / ഞങ്ങളുടെ കുടുംബങ്ങളെ / അങ്ങു കടാക്ഷിക്കണമെ. തിരുക്കുടുംബംപോലെ / ഞങ്ങളുടെ കുടുംബങ്ങളെയും / സമാധാനത്തിന്റെയും, സഹകരണത്തിന്റെയും

വിളനിലങ്ങളാക്കണമെ. പരസ്പരവിശ്വാസവും ഐക്യവും / ഞങ്ങളുടെ ഭവനങ്ങളിൽ വളരുവാൻ / ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം / ഒരിക്കലും നഷ്ടപ്പെടാതെ / കാത്തു പരിപാലിക്കുകയും / ഭാഗ്യമരണം പ്രാപിക്കുകയും ചെയ്ത പുണ്യപിതാവേ, / നിഷ്കളങ്കതയിലും നിസ്വാർത്ഥതയിലും / അനുദിനം അഭിവൃദ്ധിപ്പെടുവാൻ / ആവശ്യമായ കൃപാവരം / ഞങ്ങളുടെ എല്ലാ കുടുംബാംഗങ്ങൾക്കും/ സ്വർഗ്ഗപിതാവിൽനിന്ന് വാങ്ങിത്തരണമെന്ന് / തീക്ഷ്ണതയോടെ ഞങ്ങൾ യാചിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും / ആമ്മേൻ.

## സമൂഹ പ്രാർത്ഥന

കാർമ്മി: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ എന്നപേക്ഷിക്കാം.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

കാർമ്മി: ബാല്യം മുതൽ അനിതരസാധാരണമായ ഹൃദയശുദ്ധതയോടെ ജീവിക്കുകയും, മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്താതെ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്ത പുണ്യപിതാവിനെപ്പോലെ ജീവിതാന്ത്യംവരെ പ്രസാദവരപൂർണ്ണതയിൽ ജീവിക്കുവാൻ അനുഗ്രഹിക്കണമെന്ന് കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

കാർമ്മി: തിരുക്കുടുംബഭക്തി ആചരിക്കുകയും പ്രചരിപ്പിക്കുകയും ശുദ്ധതയുടെ മകുടമായി പ്രശോഭിക്കുകയും ചെയ്ത പുണ്യപിതാവിനെപ്പോലെ വിശുദ്ധിയുടെ പുണ്യപാതയിലൂടെ സഞ്ചരിച്ച് ഭാഗ്യമരണം കൈവരിക്കുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

കാർമ്മി: ജീവിതകാലം മുഴുവൻ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ

വിശ്വസ്തതയോടെ ജോലി ചെയ്യുവാനും അനേകരെ അതിലേക്ക് ആനയിക്കുവാനും വിശുദ്ധ ചാവറപിതാവിനെ ശക്തിപ്പെടുത്തിയ കർത്താവേ, ഭാരതത്തിലും ആഗോളസഭയിലും മിഷൻപ്രവർത്തനങ്ങൾക്കായുള്ള ഞങ്ങളുടെ ശ്രമങ്ങളെ വിജയിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

## മദ്ധ്യസ്ഥ പ്രാർത്ഥന

കാർമ്മി: ക്രിസ്തീയ സഭയ്ക്ക് / (**സമൂഹവും ചേർന്ന്**) നവജീവൻ നൽകുവാൻ / ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട കുര്യാക്കോസ് ഏലിയാസ് പിതാവേ, / മക്കളായ ഞങ്ങൾ അങ്ങയെ വണങ്ങുന്നു. ദൈവത്തിന്റെ കൃപാവരം / ഒട്ടും നഷ്ടമാകാതെ / വി. പൗലോസ് ശ്ലീഹായെപ്പോലെ / ദൈവേഷ്ടത്തോട് പൂർണ്ണമായി സഹകരിച്ചുകൊണ്ട് ജീവിച്ചതിനാൽ / ദൈവം അങ്ങിൽ സംപ്രീതനായി. ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി / നിരവധി മഹത്തായ കാര്യങ്ങൾ അങ്ങയെക്കൊണ്ട് ചെയ്യിക്കുകയും / അങ്ങേ ആത്മാവിനെ / വിശിഷ്ട പുണ്യങ്ങളാൽ അലങ്കരിക്കുകയും, / സ്വർഗ്ഗത്തിൽ അങ്ങയെ മഹത്വപ്പെടുത്തുകയും ചെയ്തിരിക്കുന്നതിൽ/ ഞങ്ങൾ അങ്ങയോടു ചേർന്ന് ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

പ്രിയമുള്ള പിതാവേ, / സൈന്യങ്ങളുടെ കർത്താവായ ദൈവത്തെക്കുറിച്ചുള്ള / തീക്ഷ്ണതയാൽ എരിയുന്ന ഏലിയാ പ്രവാചകനെപ്പോലെ / ദൈവികതീക്ഷ്ണതയോടെ / ആത്മാക്കളുടെ രക്ഷയ്ക്കായി / ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ച / അങ്ങയെ അനുകരിച്ച് / മക്കളായ ഞങ്ങളും / ദൈവത്തിനു പ്രീതികരമാംവിധം / ജീവിക്കുന്നതിനുവേണ്ട ദൈവകൃപയും /അതോടുകൂടി ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹവും / ....................... (മൗനം) അങ്ങേ മാദ്ധ്യസ്ഥം വഴി / നേടിതരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. / നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അമ്മേൻ.

## പ്രാർത്ഥിക്കാം

കാർമ്മി: ഈശോ മറിയം യൗസേപ്പേ, നിങ്ങളുടെ പ്രത്യേക ഭക്തനായ വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചന്റെ പുണ്യയോഗ്യതകളെ അനുസ്മരിച്ച്, അയോഗ്യരും പാപികളുമായ ഞങ്ങളെ വിശുദ്ധീകരിച്ച് സ്വർഗ്ഗഭാഗ്യത്തിന് യോഗ്യരാക്കണമെന്നും ഞങ്ങൾക്കിപ്പോൾ ഏറ്റവും ആവശ്യമായ അനുഗ്രഹങ്ങൾ വിശുദ്ധ പിതാവുവഴി സാധിച്ചുതരണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു.
നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

*(തിരുശേഷിപ്പുകൊണ്ടുള്ള ആശീർവ്വാദം)*

കാർമ്മി: നമ്മുടെ കർത്താവ് ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും, കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ മാദ്ധ്യസ്ഥസഹായവും നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.
+ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

## സമാപന ഗാനം

പുണ്യധീരനാം കുര്യാക്കോസിനെ
ധന്യനാക്കിയ ദൈവമേ
നന്ദിയോടങ്ങേ ദിവ്യപാദങ്ങൾ
കുമ്പിടുന്നു വിനീതരായ്.

ധന്യപാദന്റെയാശ്രയം തേടി
വന്നിടുന്നൊരീ ദാസരിൽ
ദിവ്യദാനങ്ങൾ ചിന്തിടേണമേ
നവചൈതന്യം തൂകണേ.

കണ്ണുനീരിൽ നനഞ്ഞു നീങ്ങുന്ന
ജീവിതം നിറകാഴ്ചയായ് നൽകീടുന്ന നിൻ
ദാസനെയോർത്തെൻ
ദൈവമേ വരമേകണേ. (പുണ്യ....)